പേപ്പാറയുടെ ക്യാച്ച്മെൻറ് പ്രദേശം

857 [1862] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പാറയുടെ ക്യാച്ച്മെൻറ് പ്രദേശത്ത് യൂക്കാലി നടുകയില്ലെന്ന് ഗവൺമെൻറ് പ്രസ്താവിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോഴത്തെ പേപ്പാറയുടെ ക്യാച്ച്മെൻറ് പ്രദേശത്തിൽ വരുന്ന ബോണക്കാട് പുൽമേട്ടിൽ സർക്കാർ യൂക്കാലി നടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പുൽമേട്ടിൽ യൂക്കാലിയോടൊപ്പം നടാനായി മൂന്നാറിൽനിന്ന് എത്ര എക്കേഷ്യ തൈകളാണ് കൊണ്ടുവന്നത് ;

(ഡി) ഈ തൈകൾ ബോണക്കാടുവരെ എത്തിക്കാൻ എത്ര രൂപ ചെലവായി ;

(ഇ) ബോണക്കാട് എസ്റ്റേറ്റിൽനിന്നും പുൽമേട്ടിൽ വരെ ചുമന്നെത്തിക്കാൻ എത്ര രൂപ ചെലവായി ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോണക്കാട് പുൽമേട് പേപ്പാറ ക്യാച്ച്മെൻറ് ഏരിയായിൽ പെടുന്നതല്ല. ക്യാച്ച്മെൻറ് ഏരിയായിൽ യൂക്കാലി നടുന്നില്ല.

(സി) ഈ ആവശ്യത്തിലേക്കായി എക്കേഷ്യ തൈകൾ മൂന്നാറിൽനിന്ന് കൊണ്ടുവന്നിട്ടില്ല.

(ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

വെട്ടിക്കാടുമുക്ക് തടി ഡിപ്പോ

858 [1863] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കത്ത് വനംവകുപ്പിൻെറ കീഴിലുള്ള വെട്ടിക്കാടുമുക്ക് തടി ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലം ഏതു ഡിപ്പാർട്ടുമെൻറിൻെറ വകയാണ് ;

(ബി) അത് എത്ര ഏക്കറുണ്ട് ;

(സി) ഈ സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള കൈയേറ്റം നടന്നിട്ടുണ്ടോ ?

ഉത്തരം

(എ) വനം വകുപ്പിൻേറതാണ്.

(ബി) 8 ഏക്കർ.

(സി) ശദ്ധയിൽപെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly